പിന്നാക്ക വിഭാഗ വികസന വകുപ്പ്
കൊല്ലം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
റ്റി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്
മുണ്ടയ്ക്കൽ, കൊല്ലം - 691001, ഫോൺ - 0474 2914417
ഇമെയിൽ - bcddklm@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDKLM/46/2021-A1** തീയതി :02-09-2024

ഭരണഭാഷ – മാതൃഭാഷ

<u>വിജ്ഞാപനം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ക്ലറിക്കൽ ജോലികൾക്കായി മതിയായ യോഗ്യതകളുള്ള ഒരു ഉദ്യോഗാർത്ഥിയെ കൊല്ലം മുണ്ടയ്ക്കൽ കപ്പലണ്ടിമുക്കിന് സമീപമുള്ള ശ്രീനാരായണ സാംസ്കാരിക സമിതി കാമ്പസിനുള്ളിൽ റ്റി.കെ മാധവൻ മെമ്മോറിയൽ കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന കൊല്ലം മേഖലാ ഓഫീസിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ താൽകാലികമായി നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം കൊല്ലം മേഖലാ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 20.09.2024

<u>അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

- കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു/തത്തുല്യം ആയിരിക്കും.
- കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമാണ്. (കൂടിക്കാഴ്ച വേളയിൽ ഇത് സംബന്ധിച്ച പ്രായോഗികമായ അറിവ് പരിശോധിക്കുന്നതാണ്.)
- മലയാളം ടൈപ്പിംഗ് അഭികാമ്യം.
- സർക്കാർ/അർദ്ധ സർക്കാർ ഓഫീസുകളിൽ ക്ലറിക്കൽ തസ്തികയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
- 2024 ആഗസ്റ്റ് 1 അടിസ്ഥാനമാക്കി 18 നും 45 നും ഇടയിൽ പ്രായമുള്ളവരാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ക്ലറിക്കൽ തസ്തികയുടെ താൽകാലിക വേതനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി ദിവസങ്ങളിൽ 755/- രൂപ ദിവസ വേതന നിരക്കിൽ വേതനം അനുവദിക്കുന്നതാണ്.
- അപേക്ഷയുടേയും അനുബന്ധ രേഖകളുടേയും സൂക്ഷ്മ പരിശോധനയും തുടർന്നുള്ള കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിലാണ് ജീവനക്കാരെ തിരഞ്ഞെടുക്കുന്നത്.
- സേവനം തൃപ്തികരമല്ലെങ്കിലോ കൃത്യ വിലോപങ്ങൾ ഉണ്ടാകുന്ന പക്ഷമോ ഉടൻ സേവനം അവസാനിപ്പിക്കുന്നതാണ്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)</u>

- പൂരിപ്പിച്ച അപേക്ഷാ ഫോറം

- ബയോഡേറ്റ
- വിദ്യാഭ്യാസ, മറ്റ് യോഗ്യതകൾ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ
- വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം (SSLC)
- പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ)
- ആധാർ/തിരിച്ചറിയൽ കാർഡ്

<u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20.09.2024, 5 pm</u>

- പൂരിപ്പിച്ച അപേക്ഷ നേരിട്ടോ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പിന്നാക്ക വിഭാഗ വികസന വകുപ്പ് , റ്റി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, ശ്രീനാരായണ സാംസ്കാരിക സമിതി കാമ്പസ്, മുണ്ടയ്ക്കൽ, കപ്പലണ്ടിമുക്ക് , കൊല്ലം - 691001, ഫോൺ - 0474 2914417 എന്ന മേൽ വിലാസത്തിൽ തപാലിലോ ലഭ്യമാക്കേണ്ടതാണ്.
- അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ഇന്റർവ്യൂ തീയതിയും സമയവും ഇ മെയിൽ/ടെലഫോൺ മുഖേന അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Signed by Shibu R
Date: 02-09-2024 16:25:42

SHIBU R

DEPUTY DIRECTOR